(ഡി) പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) പൂർണ്ണമായ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(എഫ്) കേരളാ സഹകരണ നിയമം 65-ാം വകുപ്പു പ്രകാരം പൊതുയോഗം കൂടുന്നതിന് ആവശ്യമായ കാറത്തിന്റെ 1/3 അംഗങ്ങൾ അപേക്ഷിക്കുകയാണെങ്കിൽ അന്വേഷണത്തിന് രജിസ്ട്രാർക്ക് ഉത്തരവിടാൻ വ്യവസ്ഥയുണ്ട്. അപ്രകാരം ഒരപേക്ഷ പരാതിക്കാരൻ താൽപ്പര്യം എടുത്ത് രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കുകയാണെങ്കിൽ ആയത് പരിശോധിച്ച് നിയമാനുസൃതം യുക്തമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള കോടതിവിധി ലഭിച്ചിട്ടുണ്ട്.

(ജി) മേൽ പ്രസ്താവിച്ച പ്രകാരം അപേക്ഷ രജിസ്ട്രാർക്ക് ലഭിച്ചിട്ടില്ല.

(എച്ച്) വ്യക്തമാക്കാം.

പ്രസിഡന്റ്-എൻ. പി. പൗലോസ്, നെല്ലിക്കുഴിയിൽ, പുളിക്കമാലി പി.ഒ.

ഭരണസമിതി അംഗങ്ങൾ

1. പി. പി. ഏലിയാസ്, പാറപ്പൊറ്റയിൽ, ഏഴക്കരനാട് പി.ഒ.
2. എൻ. വി. കുര്യാച്ചൻ, ഞാറക്കാട്ട്, ഏഴക്കരനാട് പി.ഒ.
3. സന്തോഷ്, എം., വടാത്ത്, വടാത്ത് ഹൗസ്, ഏഴക്കരനാട് സൗത്ത് പി.ഒ.
4. കെ. എൻ. അനിൽകുമാർ, കാവനപ്പറമ്പിൽ, ഏഴക്കരനാട് (സൗത്ത്) പി. ഒ.
5. എം. പി. ഏലിയാസ്, കുഴിവേലിൽ, നീർക്കുഴി, നെച്ചൂർ പി.ഒ.
6. പി. എസ്. തമ്പി, കളത്തനാൽ, മണീട് പി.ഒ.
7. കെ. പി. ജോയി, കുറുംപാലക്കാട്ട്, നെച്ചൂർ പി.ഒ.
8. റ്റി. എ. ജോർജ്ജ്, തൊമ്മൻകുഴിയിൽ, മണീട് പി.ഒ.
9. എ. എ. ശ്രീധരൻ, അരോടിയിൽ, ഏഴക്കരനാട് സൗത്ത് പി.ഒ.
10. വിജയമ്മ നാരായണൻ, കണക്കച്ചേരിൽ, ഏഴക്കരനാട് സൗത്ത് പി. ഒ.

പേരാമ്പ്ര റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ബ്രാഞ്ചുകൾ സ്ഥാപിക്കാൻ നടപടി

81 [2302] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ രണ്ട് ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന്റെ അനുമതിക്കായി സർക്കാരിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ആയത് എവിടെയെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ഇതിനുള്ള അനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി അസിസ്റ്റന്റ് രജിസ്ട്രാറുടെ ആഫീസിൽ ലഭിച്ചിട്ടുണ്ട്.

(ബി) 1. വെള്ളിയൂർ 2. എരവട്ടൂർ

(സി) ഇല്ല.

(ഡി) ജില്ലാ സഹകരണ ബാങ്കും സഹകരണ വകുപ്പും ചേർന്ന് നടത്തേണ്ട ജോയിന്റ് സർവ്വെ നടത്തി റിപ്പോർട്ട് ലഭ്യമായിട്ടില്ലാത്തതിനാൽ അനുമതി നൽകിയിട്ടില്ല.

എക്സിബിഷൻ സ്റ്റാളുകൾ തകർന്നതുമൂലമുള്ള നഷ്ടം

82 [2303] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ആശ്രാമം മൈതാനിയിൽ നടന്ന എക്സിബിഷനിലെ സ്റ്റാളുകൾ പേമാരിയിലും, കാറ്റിലും പെട്ട് തകർന്നതുമൂലം എന്ത് നഷ്ടം സംഭവിച്ചിട്ടുണ്ട്;

(ബി) സ്റ്റാളുകൾ ഇൻഷ്വർ ചെയ്തിട്ടുണ്ടായിരുന്നോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഏകദേശം 20 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(ബി) സ്റ്റാളുകൾ യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി വഴി ഇൻഷ്വർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly